# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാജാക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA IDK 12-1009/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/12/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാജാക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 12-1009/21 തീയ്യതി: 29/12/2021

## ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 08-10-2021 |
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 27-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 08-10-2021 |
| 27-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ ഓഡിറ്റ് ഓഫീസർ

ശ്രീ. എം. എസ്. രാജീവ് ഓഡിറ്റ് ഓഫീസർ

ശ്രീ. എം. കെ. അഭിലാഷ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോമോൻ ഫ്രാൻസീസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ടി.ടി. മുഹമ്മദ് ഫാസിൽ സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം എസ് സതി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ കെ റ്റി മാത്യൂ | സെക്രട്ടറി | 01-04-2019 | 08-12-2019 |
| ശ്രീ രഘുനാഥൻ ജി | സെക്രട്ടറി | 09-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കാഞ്ചന ടി കെ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ റഷീദ് പി എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോ സിബി സോമൻ | വെറ്ററിനറി സർജൻ | 01-04-2019 | 26-11-2019 |
| ഡോ സിബി ബി ജി | വെറ്ററിനറി സർജൻ | 27-11-2019 | 31-03-2020 |
| ശ്രീമതി ബീന ആർ | കൃഷി ഓഫീസർ | 01-04-2019 | 20-02-2020 |
| ശ്രീമതി ബെറ്റ്സി മരിയ ജോൺ | കൃഷി ഓഫീസർ | 21-02-2020 | 31-03-2020 |
| ശ്രീ ജോയ് ആൻഡ്രൂസ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ എം എൻ നൗഷാദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ ബിജിമോൾ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ .പ്ലസ്സൻ ജോയ് | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) | 01-04-2019 | 24-02-2020 |
| ഡോ ജോബിൻ ജോസ് | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) | 25-02-2020 | 31-03-2020 |
| ശ്രീ സാംസൺ എസ് | വി.ഇ.ഒ | 01-04-2019 | 17-10-2019 |
| ശ്രീമതി ജിൻസി തോമസ് | വി.ഇ.ഒ | 18-10-2019 | 31-03-2020 |
| ശ്രീ എ സി രജികുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 21-09-2019 |
| ശ്രീ ബിനാഷ് തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 22-09-2019 | 31-03-2020 |
| ശ്രീമതി ഉഷ സ്റ്റീഫൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| ശ്രീമതി മേഴ്സി എ എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-12-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 12-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon Francis (Senior Grade Auditor, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Rajeev (Audit Officer, On 07-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 09-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-8 |
| 9 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 07-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-9-1 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 10-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-9-2 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 1-10 |
| 12 | ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 10-10-2021)<br>Last Updated By: C R Beenakumary (Deputy Director, On 29-12-2021) | 1-11 |
| 13 | ഫയൽ ഹാജരാക്കിയില്ല ₹1,87,000/-യുടെ ചെലവ് തടസ്സം<br>Written By: M.K.Abhilash (Asst. Audit Officer, On 29-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 1-12 |
| 14 | ഗ്രാമപഞ്ചായത്തിന് പുറത്തുള്ള വ്യക്തിക്ക് ധനസഹായം നൽകി<br>Written By: M.K.Abhilash (Asst. Audit Officer, On 10-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-13 |
| 15 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്കിനായി സാധന സാമഗ്രികൾ വാങ്ങിയത് - ടെണ്ടർ നടപടികൾ ക്രമപ്രകാരമല്ല -<br>Written By: Jomon Francis (Senior Grade Auditor, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 1-14 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 10-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾ<br>Written By: Jomon Francis (Senior Grade Auditor, On 12-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M.S.Rajeev (Audit Officer, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 10-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: M.S.Rajeev (Audit Officer, On 07-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.S.Rajeev (Audit Officer, On 07-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 10-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 05-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

₹5,65,084/- മുന്നിരിപ്പും ₹36,49,50,731/- വരവും ₹36,41,47,731/- ചെലവും ₹13,68,084/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2019-20 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.02.2019-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 22.02.2019-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് ഫയൽ സൂക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 27.05.2020 | - | - |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | | 0 | 10994000 | 10994000 | 10062166 | 931834 |
| | പട്ടിക ജാതി വിഭാഗം | | 0 | 891000 | 891000 | 802110 | 88890 |
| | പട്ടിക വർഗ്ഗ വിഭാഗം | | 0 | 112000 | 112000 | 112000 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | 0 | 8404072 | 8404072 | 6328786 | 2075286 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | | 0 | 10862000 | 10862000 | 3024376 | 7837624 |
| | റോഡിതരം | | 0 | 3251000 | 3251000 | 2883921 | 367079 |
| ജനറൽ പർപ്പസ് ഫണ്ട് | | | 0 | 6950840 | 6950840 | 6950840 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ | തൊഴിലുറപ്പ് പദ്ധതി | ഭരണച്ചെലവ് | 123240 | 2050008 | 2173248 | 2169074 | 4174 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | അവിദഗ്ദ തൊഴിൽകൂലി | 0 | 22313795 | 22313795 | 22313795 | 0 |
| | | വിദഗ്ദ തൊഴിൽകൂലി | 0 | 1162493 | 1162493 | 1162493 | 0 |
| | | മെറ്റീരിയൽ വർക്ക് | 0 | 15113778 | 15113778 | 15113778 | 0 |
| | ടോട്ടൽ സാനിട്ടേഷൻ | | 644488 | 621307 | 1265795 | 257500 | 1008295 |
| | ഐ.സി.ഡി.എസ്. | | 193975 | 211163 | 405138 | 384594 | 20544 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ | ലൈബ്രറി ഗ്രാന്റ് | | 0 | 11640 | 11640 | 11640 | 0 |
| | നിർമ്മൽ പുരസ്കാരം | | 310751 | 4713 | 315464 | 246253 | 69211 |
| | സാക്ഷരത | | 4263 | 171 | 4434 | 0 | 4434 |
| | എം.എൽ.എ ഫണ്ട് | | 0 | 976000 | 976000 | 976000 | 0 |
| | ജലനിധി | | 1397331 | 8449803 | 9847134 | 5783754 | 4063380 |
| | ഹൗസിംഗ് | | 3744 | 150 | 3894 | 0 | 3894 |
| | ശുചിത്വ മിഷൻ | | 362774 | 0 | 362774 | 0 | 362774 |
| | കേരളോത്സവം | | 20000 | 20000 | 40000 | 40000 | 0 |
| പഞ്ചായത്ത് ഫണ്ട് | ദുരിതാശ്വാസനിധി | | 13293 | 17358 | 30651 | 28000 | 2651 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | | 55590 | 1184622 | 1240212 | 1179592 | 60620 |
| | ജില്ലാപഞ്ചായത്ത് | | 41784 | 0 | 41784 | 0 | 41784 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത

വികസന ഫണ്ട് (General, TSP, SCP) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗനവാടി പ്രതിഫലം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ലൈഫ്മിഷൻ തിരിച്ചടവ് എന്നീ സ്രോതസ്സുകളിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി രൂപീകരണം

ഗ്രാമ പഞ്ചായത്തിന്റെ തൻ വർഷ വാർഷിക പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

| രൂപീകരണഘട്ടം | തീയതികൾ |
|---|---|
| വികസന സമിതി യോഗം | 15.12.2018 |
| പദ്ധതി രൂപീകരണ ഗ്രാമസഭ | 10.11.2018 മുതൽ 15.11.2018 വരെ |
| വികസനസെമിനാർ | 17.12.2018 |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം (അന്തിമം) | ഡി.പി.സി/ 2820/18/ഡി.പി.ഒ./ഐ.ഡി.കെ/ തീ. 25.06.2019 |

ബി) പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 197313708 | 84 | 47523585 | 33 | 15 | 63.63 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 12038340 | 10062166 | 83.58 |
| | പട്ടിക ജാതി വിഭാഗം | 951000 | 802110 | 84.34 |
| | പട്ടിക വർഗ്ഗ വിഭാഗം | 124500 | 112000 | 89.96 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 10055830 | 6328786 | 62.94 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 969000 | 504594 | 52.07 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 514488 | 0 | 0.00 |
| തനത് ഫണ്ട് | | 3566987 | 2102720 | 58.95 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 1182092 | 1179592 | 99.79 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 6310920 | 0 | 0.00 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് | റോഡ് | 12945920 | 3024376 | 23.36 |
| | റോഡിതരം | 3864332 | 2883921 | 74.63 |
| മറ്റ് ഗ്രാന്റ് | | 144790299 | 20523320 | 14.17 |
| ആകെ | | 197313708 | 47523585 | 24.09 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 1797560 | 7 | 1490870 | 82.94 |
| വെറ്ററിനറി സർജൻ | 6 | 2697400 | 5 | 2216599 | 82.18 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 300000 | 1 | 300000 | 100.00 |
| മെഡിക്കൽ ഓഫീസർ- സി.എച്ച്.സി. | 1 | 525000 | 1 | 367600 | 70.02 |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 2 | 650000 | 1 | 400000 | 61.54 |
| വി.ഇ.ഒ. | 14 | 148036183 | 12 | 24819875 | 16.77 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3618910 | 3 | 2659260 | 73.48 |
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 27 | 13257751 | 22 | 6961274 | 52.51 |
| അസിസ്റ്റന്റ് എൻജിനീയർ | 61 | 22465904 | 27 | 7532222 | 33.53 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 3195000 | 1 | 395000 | 12.36 |
| അസി.സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 6 | 770000 | 4 | 380885 | 49.47 |
| ആകെ | 132 | 197313708 | 84 | 47523585 | 24.09 |

3. <u>വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.</u>

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 10 | 7205960 | 3835400 | 53.23 |
| | സേവനം | 47 | 165895736 | 34119420 | 20.57 |
| | പശ്ചാത്തലം | 62 | 23047437 | 8609535 | 37.36 |
| പട്ടിക ജാതി വിഭാഗം | ഉത്പാദനം | 2 | 220000 | 167230 | 76.01 |
| | സേവനം | 5 | 816000 | 680000 | 83.33 |
| പട്ടിക വർഗ്ഗ വിഭാഗം | ഉത്പാദനം | 2 | 66000 | 65640 | 99.45 |
| | സേവനം | 4 | 62575 | 46360 | 74.09 |
| ആകെ | | 132 | 197313708 | 47523585 | 24.09 |

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു

| ഘടകം | പ്രോജക്ടിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വനിതാ ഘടകം | 2 | 2 | 2196400 | 1846400 | 84.06 |
| കുട്ടികൾ | 1 | 1 | 25000 | 24800 | 99.20 |
| വൃദ്ധർ | 1 | 0 | 250000 | 250000 | 100.00 |
| ഭിന്നശേഷിക്കാർ | 2 | 1 | 954910 | 506725 | 53.07 |
| പാലിയേറ്റീവ് കെയർ | 1 | 1 | 525000 | 367600 | 70.02 |
| ആകെ | 7 | 5 | 3951310 | 2995525 | 75.81 |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 24.09% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തനത് ഫണ്ട് ചെലവുകൾ സുലേഖയിൽ പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ല. VEO, DFI എന്നിവരുടെ ചെലവ് ശതമാനം വളരെ കുറവാണ്. കൃഷി ഓഫീസ്, വെറ്ററിനറി സർജൻ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ ഉയർന്ന ചെലവ് ശതമാനം കൈവരിച്ചിട്ടുണ്ട്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 123240 | 2050008 | 2173248 | 2169074 | 4174 |
| | തൊഴിലാളികളുടെ കൂലി | - | 23476288 | 23476288 | 23476288 | - |
| | മെറ്റീരിയൽ | - | 15113778 | 15113778 | 15113778 | - |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1560 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 923400 | 177 |
| വിധവാ പെൻഷൻ | 1729800 | 393 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 500400 | 104 |
| വാർദ്ധക്യകാല പെൻഷൻ | 4429800 | 1479 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 79200 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹25,989/- (ഇരുപത്തി അയ്യായിരത്തി തൊള്ളായിരത്തി എൺപത്തി ഒൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം -

4 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 2 ഓഫീസ് അറ്റന്റന്റുമാരും 2 പാർട്ട് ടൈം സ്വീപ്പർമാരും 1 അക്കൗണ്ടന്റും 1 ഹെഡ് ക്ലാർക്കും 1 അസിസ്റ്റന്റ് സെക്രട്ടറിയും 1 സെക്രട്ടറിയും ഉൾപ്പെടുന്നതാണ് ഓഫീസ് ജീവനക്കാരുടെ പാറ്റേൺ. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനംനടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും കൃത്യത ഉറപ്പ് വരുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല.

<u>ഫ്രണ്ട് ഓഫീസ് പ്രവർത്തനം</u>

തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട് . എന്നാൽ

ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനമില്ല. സൂപ്പർവൈസറി തലത്തിൽപ്പെട്ടവർ ശരിയായ രീതിയിൽ മോണിട്ടറിംഗ് നടത്തുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ - സൂചിക സോഫ്റ്റ് വെയറിൽ നിന്ന് പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ – ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏറ്റെടുക്കുന്നത് രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി - ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽ പരിശോധന നടത്തുകയോ ചെയ്യുന്നില്ല.

## 1-9-1 തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും കൂടാതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ അതത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ രാജാക്കാട് ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല. തുക പിൻവലിച്ച് ദിവസങ്ങൾക്ക് ശേഷമാണ് സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

രാജാക്കാട് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്, അക്കൗണ്ട് നം. 283

| ക്രമ നമ്പർ | ഇനം | ചെക്ക് നമ്പർ/ തീയതി/തുക | ബാങ്കിൽ നിന്ന് പണം പിൻവലിച്ച തീയതി | അക്കൗണ്ട് ചെയ്യേണ്ട തീയതി | അക്കൗണ്ട് ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | ടെലഫോൺ അലവൻസ് | 14083/04.03.2020 ₹3552/- | 05.03.2020 | 05.03.2020 | 09.03.2020 |
| 2 | റിഫ്രഷ്മെന്റ് ചാർജസ് | 14084/05.03.2020 ₹11640/- | 06.03.2020 | 06.03.2020 | 09.03.2020 |
| 3 | ഇന്ധന ചെലവുകൾ | 14085/05.03.2020 ₹27833/- | 05.03.2020 | 05.03.2020 | 09.03.2020 |
| 4 | വർക്ക് ഷോപ്പ്/ സെമിനാർ | 14086/05.03.2020 ₹4900/- | 06.03.2020 | 06.03.2020 | 09.03.2020 |
| 5 | ടെലഫോൺ ചാർജസ് | 14096/12.03.2020 ₹4221/- | 12.03.2020 | 12.03.2020 | 19.03.2020 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം ലഭ്യമാക്കുന്നതിനോടൊപ്പം അപാകത ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ കൂടി വിശദീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം. 4/07.10.2021 മറുപടി ലഭ്യമായില്ല).

## 1-9-2 വാർഷിക കണക്കുകളിലെ അപാകതകൾ

1) ലഭിക്കുന്ന ചെക്കുകളുടെയും ഡ്രാഫ്റ്റുകളുടെയും വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല.

2) അസറ്റ് ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ഹെഡ് | ഡിപ്രിസിയേഷൻ ₹ |
|---|---|---|
| 1 | 411310101 Sewerage & Drainage | 118107 |
| 2 | 411320101 Waterways | 497743 |
| 3 | 411400101 Plant & Mechinery | 422081 |

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി കണക്കുകൾ സഞ്ചയയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5) ലോൺ ഇനത്തിൽ ₹2,91,56,915/- തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിലും ആയത് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5-ൽ ഉൾപ്പെടുത്തിയിട്ടില്ല.

6) തൻവർഷം ₹1,92,87,357/- വായ്പയിനത്തിൽ വരവുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-16-ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

തൻവർഷം ഗ്രാമ പഞ്ചായത്ത് എ7-1112/2019-24 തീയതി. 04.04.2019 നമ്പറായി കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ, രാജാക്കാട് ശാഖയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച FACTEOS ലൈസൻസ് അപേക്ഷയിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം 6 എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 03/06.10.2021) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് യഥാസമയം ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ സ്വീകരിച്ച് നടപടിയും വ്യക്തമാക്കേണ്ടതാണ്.

## 1-11 ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പ വില ഈടാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കി പ്രൈസ് (PRICE ) സോഫ്റ്റ് വെയറിലാണ്. ഇതിൽ തയ്യാറാക്കിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ കരാറുകാരന് അധിക ലാഭമുണ്ടാകുന്നത് ഒഴിവാക്കുന്നതിനായി കാലിവീപ്പയുടെ മൂല്യം ഫൈനൽബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽനിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ/ എഗ്രിമെന്റ് നം. | ബിൽ നം/തീയതി / തുക ₹ | ഉപയോഗിച്ച ബിറ്റുമിന്റെ ഇനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (Kg) | കാലി വീപ്പയുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | മുല്ലാക്കാനം തെങ്ങനാട്ടുപടി | മലനാട് ലേബർ കോൺട്രാക്റ്റ് കോ- | 19100752011700296009/ 02.07.19 | Ss-1 | 428.21 | 2 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് ടാറിംഗ്. പ്രോജക്ട് നം.112/20 അളവ് ബുക്ക് നം.346/18-19 | ഓപ്പറേറ്റീവ് സൊസൈറ്റി 22/AE/LSGD/ RKD/ 2018-19/തീ.05.12.18 | ₹3,50,000/- | | | |
| | | | | RS-1 | 138.54 | 1 |
| | | | | S-65 (VG-30) | 1062.98 | 7 |
| 2 | മൂലം കുഴിക്കവല കുരിശുപടി റോഡ്.പ്രോജക്ട് നം.115/20 ബുക്ക് നം. 470/18-19 | ശ്രീ ഷാജി ജോസഫ്. 26/AE/LSGD/RKD/ 2018-19/തീ.13.12.18 | 19100752011700294626/ 02.07.19 ₹3,00,000/- | RS-1 | 208.92 | 1 |
| | | | | S-65 (VG-30) | 2269.85 | 14 |
| 3 | അടിവാരം പഴയവിട്ടുതി റോഡ് മെയിന്റനൻസ് ബുക്ക് നം. 354/18-19 | ശ്രീ സജിമോൻ ഒ എസ്. 27/AE/LSGD/RKD/ 2018-19/തീ.13.12.18 | 19100752011700294623/ 02.07.19 ₹3,55,000/- | RS-1 | 239 | 1 |
| | | | | S-65 (VG-30) | 2656.24 | 17 |
| 4 | ചെറുകുന്നേൽ പെരിയകോട്ടിൽപ്പടി റോഡ്. പ്രോജക്ട് നം. 114/20 ബുക്ക് നം. 14/19 | ശ്രീ.ജോർജ്ജ് പി. സി 4/AE/LSGD/RKD/ 2018-19/തീ.06.09.18 | 19100752011700296010/ 2.07.2019 ₹3,30,000/- | Ss-1 | 420.75 | 2 |
| | | | | RS-1 | 136.12 | 1 |
| | | | | S-65 (VG-30) | 1044.45 | 7 |
| | | | | | | 53 |

ഒരു കാലിവീപ്പയുടെ മൂല്യം = ₹238/- + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 53 വീപ്പകളുടെ മൂല്യം =53x 238 = ₹12,614/-

ബാധകമായ GST = (238 X 18% ) X 53 =₹2,270.52/-

ആകെ = ₹14,884.52/- . തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/07.10.2021-ന് ലഭിച്ച മറുപടിയിൽ ബിറ്റുമിന് എക്സസ് കോസ്റ്റ് നൽകാത്തതിനാലാണ് കാലിവീപ്പയുടെ വില ഈടാക്കാത്തത് എന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് എന്തെങ്കിലും രേഖപ്പെടുത്തലുകൾ അളവ് ബുക്കിലോ ഫയലിലോ ഇല്ല. മാത്രമല്ല എക്സസ് കോസ്റ്റായി നൽകേണ്ടതുക എത്രയെന്ന് കണക്കാക്കിയിട്ടുമില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി) നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം, കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. കാലിവീപ്പകളുടെ മൂല്യം ₹12,614/-

കരാറുകാരനിൽനിന്നോ ബില്ലിൽ നിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയറിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ഫയൽ ഹാജരാക്കിയില്ല ₹1,87,000/-യുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നം | 50/20 |
| പദ്ധതി | മുട്ടക്കോഴി വിതരണം |
| ബിൽ നം, തീയതി& തുക | 6/2019-20 തീ 18.01.2020തുക ₹18,7,000/-<br>19100752009000826759 തീ 15.11.2019 |

ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയലുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം:2/06.10.2021) നൽകിയതിന് ഓഫീസ് മാറ്റത്തിനിയടിൽ ഫയൽ സ്ഥാനഭ്രംശം സംഭവിച്ചതാണെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഫയൽ ഹാജരാക്കാത്തതിനാൽ ₹1,87,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയലുകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്തിന് പുറത്തുള്ള വ്യക്തിക്ക് ധനസഹായം നൽകി

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി നം. | 163/2020 |
| പദ്ധതി | മെറിറ്റോറിയസ് സ്കോളർഷിപ്പ് (പട്ടിക വർഗ്ഗം) |
| അടങ്കൽ | ₹30,000/- |
| ബിൽ നം. | 8/2019-20തീ:17.02.2020, ₹23,985/- |

ഗ്രാമ പഞ്ചായത്തിലെ ഉയർന്ന വിദ്യാഭ്യാസം നേടുന്ന പട്ടിക വർഗ്ഗ വിഭാഗം പഠിതാക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണ്. പദ്ധതി പ്രകാരം BAMS കോഴ്സിന് പഠിക്കുന്ന ശ്രീ എ. ആർ. ജിസ്മോൻ, എന്ന വ്യക്തിക്ക് ₹239,85/- (A/c 423402010013099) നൽകിയിട്ടുണ്ട്. ഗുണഭോക്താവിന്റെ അപേക്ഷയുടെ ഒപ്പം സമർപ്പിരിക്കുന്ന റേഷൻ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പിൽ ആലയ്ക്കൽ, വെൺമണി, കഞ്ഞിക്കുഴി എന്നാണ് മേൽവിലാസം കാണുന്നത്. ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസമാക്കിയ വ്യക്തിക്ക് ഈ ഗ്രാമ പഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/16.10.2021) ഗുണഭോക്താവ് 2018-19-ൽ ഈ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായിരുന്നെന്നും ഊരുകൂട്ടങ്ങളിൽ പങ്കെടുത്തിരുന്നെന്നും

മറുപടി നൽകി. ഈ വ്യക്തിക്ക് ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ നിന്നും ഈ ഇനത്തിൽ ധനസഹായം നൽകിയിട്ടില്ല എന്ന് അന്വേഷിച്ച് മറുപടി നൽകി.

ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണെന്ന് നിർവ്വഹണ സമയത്ത് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. അർഹമായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ധനസഹായം വിതരണം ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്തി ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്കിനായി സാധന സാമഗ്രികൾ വാങ്ങിയത് - ടെണ്ടർ നടപടികൾ ക്രമപ്രകാരമല്ല -

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ മെറ്റീരിയൽ വർക്കിനായി സാധന സാമഗ്രികൾ വാങ്ങിയത് 2018-19-ൽ ആരംഭിച്ച ടെണ്ടർ നടപടികളിലൂടെയാണ്. 2020-21 വർഷത്തിലെ ടെണ്ടർ നടപടികളിൽ ഗുരുതരമായ അപാകതകളുള്ളതിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തിലെ ഫയൽ പരിശോധയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ ഈ ഫയൽ 27-10-2021-ൽ തൊടുപുഴ വിജിലൻസ് ഓഫീസിൽ പരിശോധനയ്ക്കായി നൽകിയിരിക്കുകയാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വിജിലൻസ് ഓഫീസിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് ഹാജരാക്കിയെങ്കിലും ഫയലിന്റെ കോപ്പി പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ഫയലിന്റെ കോപ്പി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കാതെയാണ് ഫയൽ പരിശോധനയ്ക്ക് നൽകിയതെന്ന് അസി. സെക്രട്ടറി വാക്കാൽ അറിയിച്ചു. ഓഡിറ്റ് നടന്നുകൊണ്ടിരുന്ന തീയതിയിൽ തന്നെ ഫയലുകളുടെ കോപ്പി സൂക്ഷിക്കാതെ വിജിലൻസ് ഓഫീസിൽ ഫയൽ പരിശോധനയ്ക്കായി നൽകിയത് അംഗീകരിക്കാവുന്നതല്ല. പിന്നീട് ഫയലുകൾ ഓഫീസിൽ നേരിട്ട് പരിശോധനയ്ക്ക് ഹാജരാക്കി. ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1. 21-11-2018-ൽ ₹50,000/- ഇ.എം.ഡി. ഫീസ് നിശ്ചയിച്ച് ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചു. 2.5% ഇ.എം.ഡി. ഈടാക്കണമെന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

2. ശ്രീ. പി. സി. ജോർജ്ജ് ₹2,05,44,322.56 പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനം ₹2,26,62,375.04 എന്നിങ്ങനെ ടെണ്ടറുകൾ സമർപ്പിച്ചു. 18-12-2018-ലെ ഒന്നാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം എ-3/1495/2019, തീയതി. 31-12-2018 കത്ത് മുഖേന ശ്രീ. പി. സി. ജോർജ്ജ് എന്ന വ്യക്തിക്ക് ₹11,00,648/- സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കി എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് കത്ത് നൽകി. പിന്നീട് 14-01-2019-ലെ ഒന്നാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം, ശ്രീ. പി. സി. ജോർജ്ജ് എന്ന വ്യക്തിക്ക് കരാറിൽ ഏർപ്പെടുന്നതിന് സാധിക്കുകയില്ലായെന്ന് 04-01-2019-ൽ കത്ത് നൽകിയിട്ടുണ്ട് എന്ന കാരണം രേഖപ്പെടുത്തി, രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചു. എന്നാൽ ശ്രീ. പി. സി. ജോർജ്ജ് കരാറിൽ ഏർപ്പെടുന്നതിന് സാധിക്കുകയില്ലായെന്ന് കാണിച്ചുകൊണ്ട് കത്ത് നൽകിയിരിക്കുന്നത് 18-01-2019-ൽ മാത്രമാണ്. ഒഴിവാക്കുന്നതിന് ശ്രീ. പി. സി. ജോർജ്ജ് നൽകിയ അപേക്ഷ, ഒപ്പോ തീയതിയോ വെച്ച് അധികൃതമാക്കിയിട്ടില്ല. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പി. സി. ജോർജ്ജ് എന്ന വ്യക്തി കരാറിൽ ഏർപ്പെടുന്നതിന് സാധിക്കുകയില്ലായെന്ന് അറിയിക്കുന്നതിന് മുമ്പ് തന്നെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ച് കരാറിൽ ഏർപ്പെട്ടു. ക്രമവിരുദ്ധമായി പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

3. രണ്ട് ടെണ്ടറുകളും തമ്മിൽ ₹21,18,052.48-യുടെ വ്യത്യാസമുണ്ടായിരിക്കെ കുറഞ്ഞ നിരക്കിൽ കരാറിൽ ഏർപ്പെടുന്നതിന് പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തിയിട്ടില്ല.

ശ്രീ. പി. സി. ജോർജ് എന്ന കരാറുകാരൻ അറിയിക്കുന്നതിന് മുമ്പേ തന്നെ പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന് കരാർ നൽകിയത് കരാറുകാരും ഗ്രാമപഞ്ചായത്തുമായുള്ള ധാരണ പ്രകാരമാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തുടർന്നുള്ള ടെണ്ടറുകളിലും പ്രൈം കൺസ്ട്രക്ഷൻസിന് തന്നെയാണ് കരാറുകൾ നൽകിയിരിക്കുന്നത്. ഉയർന്ന നിരക്കിൽ കരാർ നൽകിയത് മൂലം ഒരോ മെറ്റീരിയൽ പ്രവർത്തികൾക്കും സർക്കാരിനുണ്ടായ നഷ്ടം നിജപ്പെടുത്തുന്നതിന് കൂടുതൽ അന്വേഷണം ആവശ്യമാണ്. വിശദമായ അന്വേഷണം നടത്തി ഉയർന്ന നിരക്കിൽ കരാർ നൽകിയത് മൂലമുള്ള നഷ്ടം സെക്രട്ടറി, ഗ്രാമപഞ്ചായത്ത് കമ്മിറ്റി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഒപ്പം കരാറിൽ നിന്നും പിൻവാങ്ങി മെറ്റീരിയൽ പ്രവർത്തി നടത്തിപ്പിന് കാലതാമസമുണ്ടാക്കുന്നതിന് കാരണക്കാരനായ ശ്രീ. പി. സി. ജോർജ് എന്ന കരാറുകാരനെ കരിംപട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇ.എം.ഡി കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | - |

### 4-2 സംയുക്ത പദ്ധതികൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 137500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 137500 | 0 |
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 42092 | ജവഹർ ഭവന പദ്ധതി ലോൺ തിരിച്ചടവ് | 42092 | 0 |
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1005030 | ലൈഫ് ഭവന പദ്ധതി | 1000000 | 5030 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

– ഇല്ല –

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ ₹1,92,87,357/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന വായ്പ തുക ₹ | തൻവർഷം ലഭിച്ച വായ്പ ₹ | ആകെ തിരിച്ചടയ്ക്കേണ്ട വായ്പ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവനപദ്ധതി | 300615/സി.ബി/1/15/ത.സ്വ.ഭ.വ. തീ. 11.11.2015 ₹52,00,000/- | 3658754 | - | 3658754 | 325535 | | 3333219 |
| ലൈഫ് മിഷൻ | സ.ഉ.(എം.എസ്) നം.68/2018 തീ.18.05.2018 | 7992221 | 19287357 | 27279578 | 1455882 | - | 25823696 |

## 4-6 സ്ഥിര നിക്ഷേപം

– ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 29 | 2003-04 | | കടിവെള്ള പദ്ധതിക്ക് | തൽസ്ഥിതി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | അധിക ചെലവ് | |
| 2003-04 | 2.1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | |
| 2015-16<br>2016-17 | പൊതു അവലോകനം | 2017-18 | | പൂർത്തീകരണ ശേഷം ആസ്തിയുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>പ്രോ. നം. 140/16<br>പ്രോ.നം. 134/17 | തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2009-10 | ഖ.3-1 | വിക്രമൻ പിള്ള (AE) | Lf 11041/ Sp.cell/ Sc 1 Dt.3/12/14 | 6100 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6100 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹6753494 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹72961187 |

| | |
|---|---|
| ആകെ | ₹79714681 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹70230525 |
| നീക്കിയിരിപ്പ് | ₹9484156 |
| വരവിനങ്ങളിലുള്ള നഷ്ടം | - ഇല്ല - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 12614 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹187000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 12614 | ശ്രീ. റഷീദ് പി. എം., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 187000 | ഡോ. സിബി ബി. ജി., വെറ്ററിനറി സർജൻ |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 2271 | ശ്രീ. റഷീദ് പി. എം., അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സിബി ബി. ജി. വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ രാജാക്കാട് ഗ്രാമപഞ്ചായത്ത് | ബി. ജി. നിവാസ് കരിങ്ങന്നൂർ പി. ഒ. കൊല്ലം |
| ശ്രീ. റഷീദ് പി. എം. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ റീ ബിൽഡ് കേരള കോട്ടയം | പുളിക്കൽ ഹൗസ് സേനാപതി പി. ഒ. സേനാപതി ഇടുക്കി |
| സുജിത്കുമാർ ആർ. സി. സെക്രട്ടറി | സെക്രട്ടറി രാജാക്കാട് ഗ്രാമപഞ്ചായത്ത് | രാധിക കക്കാനം മാറായമുട്ടം പി. ഒ. നെയ്യാറ്റിൻകര പിൻ-695122 |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1965-66 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1966-67 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1967-68 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1968-69 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1969-70 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1970-71 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1972-73 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1973-74 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1975-76 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1976-77 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1978-79 | എൽ. എഫ്. ഐ-5-601/91/ 30.7.1981 | | |
| 1979-80 | എൽ. എഫ്. ഐ-5-272/82/ 26.6.1982 | | |
| 1980-81 | എൽ. എഫ്. ഐ-5-1233/83/ 30.10.1983 | | |
| 1981-82 | എൽ. എഫ്. ഐ-5-163/89/ 31.7.1989 | | |
| 1982-83 | എൽ. എഫ്. ഐ-5-1036/85/ 5.7.1986 | | |
| 1983-84 | എൽ. എഫ്. ഐ-5-968/87/ 12.5.1987 | | |
| 1984-85 | എൽ. എഫ്. ഐ-5-914/87/ 21.8.1988 | | |
| 1985-86 | എൽ. എഫ്. ഐ-5-612/89/ 21.10.1989 | | |
| 1986-87 | എൽ. എഫ്. ഐ-5-616/91/ 2.8.1992 | | |
| 1987-88 | എൽ. എഫ്. ഐ-5-612/92/ 6.1.1995 | | |
| 1988-89 & 89-90 | എൽ. എഫ്. ഐ-5-399/94/ 14.11.1994 | | |

| | | | |
|---|---|---|---|
| 1990-91 & 91-92 | എൽ. എഫ്. ഐ-5-589/94/ 15.11.1995 | | |
| 1992-93 & 93-94 | എൽ. എഫ്. ഐ-5-56/95/ 28.3.1995 | | |
| 2000-01 | KSAIDK-12/1786/17 Dt22/01/2018 | 1 | 29 |
| 2002-03 | KSAIDK-12/1786/17 Dt. 22/01/2018 | 1 | 3-3 |
| 2003-04 | KSAIDK-12/1786/17 Dt 22/01/2018 | 1 | 2-2 |
| 2004-05 | KSAIDK-12/1786/17 Dt 22/01/2018 | 1 | 3-5 |
| 2006-07 | LFI/10/351/09 Dt10/11/09 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2007-08 | LFI 12/10/12 Dt28/1/12 | 18 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2008-09 | LFI 12/153/2011 Dt 22/3/13 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2009-10 | LFI 12/1379/12 Dt 5/6/14 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2010-11 & 2011-12 | LFI 12/1144/2014 DT1/6/15 | 8 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5 |
| 2012-13 | KSA-IDK 12/1480/2015 Dt 4/3/16 | 14 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2013-14 | KSAIDK 12/915/15 Dt 26/10/15 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2014-15 | KSAIDK 12/943/2016 Dt. 25/10/16 | 4 | 2-1, 3-3, 3-4, 3-5 |
| 2015-16 | KSAIDK 12/492/2017 Dt18/04/17 | 7 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5 |
| 2016-17 | KSA-IDK12/210/18 Dt 22/03/18 | 13 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-12/1314/2018 തീയതി:10.12.2018 | 2 | 3-7, 3-8 |
| 2018-19 | നം.കെ.എസ്.എ.ഐ.ഡി.കെ.12/785/2020 തീയതി. 12.11.2020. | 17 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്